**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭ - ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ)നം.1720/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 08.08.2019

പരാമർശം :- 1. ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 13.05.2015 തീയതിയിലെ സി.ടി.പി.(വിജി) നം.307/15 നമ്പർ റിപ്പോർട്ട്.

2. ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമന് നൽകിയ 30.01.2016 തീയതിയിലെ തസ്വഭവ-ഇ.യു.1/410/2015/ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ. രഘുരാമൻ സമർപ്പിച്ച 20.04.2016 തീയതിയിലെ പ്രതിവാദ പത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 006.02.2019 തീയതിയിലെ വി3-5147/16 നമ്പർ കത്ത്.

**ഉത്തരവ്**

ഗുരുവായൂർ നഗരസഭയിൽ സി.ടി.പി വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ ടി മുനിസിപ്പാലിറ്റിയിലെ ബി.എ 270/11-12-ാം നമ്പർ ഫയൽ പ്രകാരം 11.10.2012-ന് ശ്രീ വിൻഷാദ് അസീസ് എന്നവർക്ക് റസിഡൻഷ്യൽ ഫ്ലാറ്റ് നിർമ്മിക്കാൻ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി പെർമിറ്റ് നൽകിയെന്ന് കണ്ടെത്തി പരാമർശം ഒന്ന് പ്രകാരം സർക്കാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയതിന് ഉത്തരവാദിയായ ടി മുനിസിപ്പാലിറ്റിയിലെ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി. ശ്രീ രഘുരാമൻ പരാമർശം മൂന്ന് പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി.

2. ഗുരുവായൂർ നഗരസഭയിൽ സർവ്വെ നമ്പർ 124/3,4,5,6-ൽ നാല്

നിലകളിലായി 2737.12 ച.മീ വിസ്തൃതിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് 27.07.2012-ന് ശ്രീ വിൻഷാദ് അസീസ് സമർപ്പിച്ച അപേക്ഷ മാസ്റ്റർ പ്ലാൻ പ്രകാരം നിലമായി കണ്ടതിനാൽ നഗരസഭ നിരസിച്ചിരുന്നു. ഇതിനെതിരെ കക്ഷി ബഹു.ഹൈക്കോടതിയെ സമീപിച്ചതായും 02.04.2012-ലെ ഡബ്ല്യു.പി.(സി) നം. 6455/12 ഉത്തരവ് പ്രകാരം 'Secretary is directed to consider the application afresh and take a decision after ascertaining the ground reality existing if necessary on conducting physical verification' എന്ന് ബഹു.ഹൈക്കോടതി ഉത്തരവു നൽകുകയും, മറ്റു തരത്തിൽ പെർമിറ്റിന് അർഹനാണെങ്കിൽ Property dry land ആണെന്ന നിഗമനത്തിൽ എത്തുകയാണെങ്കിൽ 2008-ലെ ആക്ടിനു മുമ്പ് നികത്തിയ ഭൂമി ആണെന്ന വസ്തുത കണക്കിലെടുത്ത് തീരുമാനമെടുക്കാൻ കോടതി നിർദ്ദേശിക്കുകയുമുണ്ടായി. ടി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തുകൊണ്ട് പ്രയോജനമില്ലെന്ന നിയോപദേശം നഗരസഭാ സ്റ്റാന്റിംഗ് കൗൺസിലിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കുകയുണ്ടായെന്നും, തുടർന്ന് നഗരസഭ ആവശ്യപ്പെട്ട പ്രകാരമുള്ള ന്യൂനതകൾ പരിഹരിച്ച പ്ലാനുകൾ കക്ഷി ഹാജരാക്കിയ സാഹചര്യത്തിൽ സ്ഥലം നേരിൽ പരിശോധിച്ച മുനിസിപ്പൽ എഞ്ചിനീയർ നിർമ്മാണം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ പാലിക്കുന്നതിനാൽ ഫയർ എൻ.ഒ.സിയ്ക്ക് അയയ്ക്കാമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 25.07.2012-ൽ ഫയർ എൻ.ഒ.സിയ്ക്കുള്ള അപേക്ഷ സെക്രട്ടറി ഫോർവേഡ് ചെയ്യുകയും 04.09.2012-ന് എൻ.ഒ.സി ലഭിക്കുകയുമുണ്ടായി. 09.10.2012-ലെ ഓവർസിയറുടെ റിപ്പോർട്ടിന്മേൽ മുനിസിപ്പൽ എഞ്ചിനീയറുടെ ശുപാർശ പ്രകാരം 10.10.2012-ൽ സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയുകയാണുണ്ടായത്. തുടർന്ന് സി.ടി.പി വിജിലൻസിന്റെ റിപ്പോർട്ടിൽ ന്യൂനത കണ്ടെത്തിയതിനെ തുടർന്ന് പെർമിറ്റ് റദ്ദ് ചെയ്തിട്ടുള്ളതും ബന്ധപ്പെട്ട എഞ്ചിനീയറിംഗ് ജീവനക്കാർക്ക് മെമ്മോ നൽകിയിട്ടുള്ളതായും, തെറ്റായ പ്ലാൻ സമർപ്പിച്ച ലൈസൻസ് എഞ്ചിനീയർ ശ്രീമതി നസീന റ്റി. ഹൈദറിനെതിരെ നടപടി സ്വീകരിക്കുന്നതിന് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർക്ക് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

3. Utility Open Space-ൽ Recreation Space Create ചെയ്തത് കെ.എം.ബി.ആർ 50(2) ലംഘിക്കുന്നു എന്നതാണ് ചീഫ് ടൗൺ പ്ലാനറുടെ കണ്ടെത്തൽ. കെ.എം.ബി.ആർ പ്രകാരം 3(1) ഡി ലംഘനം ഉള്ളതായും വിജിലൻസ് റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ഈ ബിൽഡിംഗ് separate plot-ലാണ് സ്ഥിതിചെയ്യുന്നതെന്നും അതുകൊണ്ടാണ് തൊട്ടടുത്ത പ്ലോട്ടുകൾ സംബന്ധിച്ച ഡീറ്റെയിൽസ് പ്ലാനിൽ നിഷ്കർഷിക്കാതിരുന്നതെന്നും 3(1) ഡി violation സംബന്ധിച്ച് മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. 27.06.2010-ലെ 36587/ആർ.എ 1/09/തസ്വഭവ. സർക്കുലർ പ്രകാരം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് 199/2019

• ഉറപ്പുവരുത്തേണ്ടത് നേരിട്ട് സ്ഥലം പരിശോധിക്കേണ്ട ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പക്ഷേ ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും കേരള കെട്ടിട നിർമ്മാണ ചട്ടത്തിലെ 3(1) (ഡി), 50(2) എന്നീ ചട്ടങ്ങളിലെ ലംഘനങ്ങളോടെയാണ് മേൽ കെട്ടിടത്തിന് അനുമതി നൽകിയിട്ടുള്ളതായി കാണുന്നത്. ആയത് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ചീഫ് ടൗൺ പ്ലാനർ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായതിനു ശേഷം മാത്രമാണ് പ്രസ്തുത കെട്ടിടത്തിന് നഗരസഭാ സെക്രട്ടറിയായ ശ്രീ രഘുരാമൻ ചട്ടവിരുദ്ധമായി അനുവദിച്ച നൽകിയ പെർമിറ്റ് റദ്ദ് ചെയ്യുകയും ബന്ധപ്പെട്ട എഞ്ചിനീയറിംഗ് ജീവനക്കാർക്ക് മെമ്മോ നൽകുകയും തെറ്റായ പ്ലാൻ സമർപ്പിച്ച ലൈസൻസ് എഞ്ചിനീയർ ശ്രീമതി നസീന റ്റി. ഹൈദറിനെതിരെ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളത് ചട്ടലംഘനത്തോടുകൂടി കെട്ടിട നിർമ്മാണാനുമതി നൽകിയത് ശ്രീ രഘുരാമന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണ്ട് ഉചിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

5. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ റിപ്പോർട്ടിൽ ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം സ്ഥലം നേരിൽ സന്ദർശിച്ച് പാഡി ഫീൽഡ് ആണോ എന്ന് പരിശോധിച്ച് പെർമിറ്റ് നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കാനാണ് നിർദ്ദേശമെങ്കിലും സൈറ്റ് ഇൻസ്പെക്ട് ചെയ്യാതെയാണ് പെർമിറ്റ് അനുവദിച്ചതെന്ന് പരാമർശിക്കുകയുണ്ടായി. ഫയൽ പരിശോധിച്ചതിൽ സെക്രട്ടറി സ്ഥലം സന്ദർശിച്ചതായി പരാമർശങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയതായി കാണുന്നില്ലെന്നും ആയതിനാൽ വിജിലൻസ് പരാമർശം വസ്തുതാപരമാണെന്ന് കാണുന്നതായും മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. ബഹു.ഹൈക്കോടതി ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം നിർമ്മാണാനുമതി നൽകിയതിൽ സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുള്ളതായി കാണുന്നു. സാങ്കേതിക വിഭാഗം ജീവനക്കാരുടെ റിപ്പോർട്ട് ഉത്തമ വിശ്വാസത്തിലെടുത്താണ് പെർമിറ്റ് നൽകിയതെന്നുള്ള ശ്രീ രഘുരാമന്റെ മറുപടി പൂർണ്ണമായി അംഗീകരിക്കത്തക്കതല്ല. ബഹു.കോടതി ഉത്തരവ് പ്രകാരം സൈറ്റ് ഇൻസ്പെക്ട് ചെയ്ത് സ്ഥലം പാഡി ഫീൽഡാണോ എന്ന് പരിശോധിച്ച് പെർമിറ്റ് നൽകുന്ന കാര്യത്തിൽ തീരുമാനം എടുക്കാനാണ് നിർദ്ദേശിച്ചതെങ്കിലും സൈറ്റ് ഇൻസ്പെക്ട് ചെയ്യാതെയാണ് പെർമിറ്റ് അനുവദിച്ചത്. ആയതിനാലാണ് അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് പിന്നീട് റദ്ദാക്കേണ്ട് വന്നത്. ടി നടപടി അംഗീകരിക്കത്തക്കതല്ല.

7. ഈ സാഹചര്യത്തിൽ, ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന് ശ്രീ രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, KCS(CC&A) Rules 1960 Rule 11(1) (iii) പ്രകാരം ടിയാന്റെ ഒരു വർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജെയ്സി പോൾ**

**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.

ചെയർമാൻ/ ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ.

ശ്രീ. രഘുരാമൻ, സെക്രട്ടറി, പാലക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.